**‘മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം’ കാമ്പയിൻ ആഗസ്റ്റ് 2017–റിപ്പോർട്ട്**

മാലിന്യമുക്ത കേരളമെന്ന ലക്ഷ്യത്തിന് വേണ്ടി സ്വാതന്ത്ര്യദിനത്തിൽ കേരള മൊന്നായി ഒരു മനസ്സോടെ കൈകോർത്തു. കേരളം നടപ്പിലാക്കുന്ന സമഗ്രമാലിന്യമു ക്ത പരിപാടിയാണ് ‘മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം’. ഈ കാമ്പയിന്റെ ജില്ലാതല പ്രഖ്യാപനം എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ബഹു. മന്ത്രിമാരുടെ നേതൃത്വത്തിൽ ന ടന്നു.

ജില്ലയിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം പ്രഖ്യാപനം വാർഡ്തലത്തിൽ നടത്തി. ശുചിത്വ സംഗമങ്ങൾ, ശുചിത്വ സന്ദേശയാത്രകൾ, ശുചിത്വ ദീപ സന്ധ്യ, ഭവനസന്ദർശനങ്ങൾ, ബോധവത്ക്കരണ പ്രവർത്തനങ്ങൾ തുടങ്ങിയ പരിപാടികൾ നടത്തുകയും ചെയ്തു. ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, ശുചിത്വ മിഷൻ ജില്ലാ പ്രതിനിധികൾ, റിസോഴ്സ് പേഴ്സൺമാർ എന്നിവർ ഇത്തരം പരിപാടികൾക്ക് ജില്ലയിൽ നേതൃത്വം നൽകി.

തിരുവനന്തപുരം ജില്ലയിൽ മുഖ്യമന്ത്രി ശ്രീ പിണറായി വിജയന്റെ നേതൃത്വത്തിൽ ഗൃഹസന്ദർശനം നടത്തി. ‘മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം’ പ്രഖ്യാപന പരിപാടി യുടെ ഉദ്ഘാടനം ചിറയിൻകീഴ് പഞ്ചായത്തിൽ സഹകരണം, ടൂറിസം, ദേവസ്വം വകുപ്പ് മന്ത്രി ശ്രീ കടകംപള്ളി സുരേന്ദ്രൻ നിർവഹിച്ചു. തുടർന്ന് മന്ത്രി പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.





കൊല്ലം ജില്ലയിൽ 'മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം' പരിപാടിയുടെ പ്രഖ്യാപനം ഫിഷറീസ് വകുപ്പ് മന്ത്രി ശ്രീമതി ജെ മേഴ്സികുട്ടിയമ്മ നിർവഹിച്ചു. തുടർന്ന് മന്ത്രി പ്രതിജ്ഞ ചൊല്ലികൊടുത്തു. ശുചിത്വസന്ദേശമുൾക്കൊള്ളുന്ന പ്രതിജ്ഞ ജനങ്ങൾ ഏറ്റുചൊല്ലി. ശ്രീ മുകേഷ് എം എൽ എ, മറ്റു ജനപ്രതിനിധികൾ, ജില്ലാ ശുചിത്വ മിഷൻ പ്രതിനിധികൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.




പത്തനംതിട്ട ജില്ലയിൽ 'മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം' ജില്ലാതല പ്രഖ്യാപനം ജലവിഭവവകുപ്പ് മന്ത്രി ശ്രീ മാത്യു ടി തോമസ് നിർവഹിച്ചു. ശ്രീമതി വീണ ജോർജ്ജ് എം എൽ എ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി അന്നപൂർണ്ണ ദേവി, ജില്ലാ കളക്ടർ ശ്രീമതി ആർ ഗിരിജ, മുനിസിപ്പൽ ചെസർപേഴ്സൺ ശ്രീമതി രജനി പ്രദീപ്

എന്നിവർ ചടങ്ങിൽ പങ്കെടുത്തു. ജില്ലയിൽ ശുചിത്വ സന്ദേശമുയർത്തിയ വിദ്യാർത്ഥി കളുടെ സൈക്കിൾ റാലിയും, ശുചിത്വദീപസന്ധ്യയും, ശുചിത്വസംഗമവും നടന്നു.



ആലപ്പുഴ ജില്ലയിൽ റിക്രിയേഷൻ ഗ്രൗണ്ടിൽ നടന്ന സ്വാതന്ത്ര്യദിനാഘോഷചടങ്ങുക ളിൽ ജില്ലയുടെ ചുമതലയുള്ള പൊതുമരാമത്ത് രജിസ്ട്രേഷൻ വകുപ്പ് മന്ത്രി ശ്രീ.ജി. സുധാകരൻ പതാക ഉയർത്തി, സ്വാതന്ത്ര്യദിന സന്ദേശത്തിനുശേഷം 'മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം' കാമ്പയിൻ പ്രഖ്യാപിക്കുകയും പ്രതിജ്ഞ മന്ത്രി ചൊല്ലി കൊടുക്കുകയും ചെയ്തു. ചടങ്ങിൽ ശ്രീ. എ. എം. ആരിഫ് എം. എൽ. എ, ജില്ലാപ ഞ്ചായത്ത് പ്രസിഡന്റ് ശ്രീ ജി വേണുഗോപാൽ, മുനിസിപ്പൽ ചെയർമാൻ ശ്രീ തോമസ് ജോസഫ്, ജില്ലാകളക്ടർ വീണ എൻ മാധവൻ, ശുചിത്വമിഷൻ ജില്ലാ കോർഡിനേറ്റർ ശ്രീമതി ബിൻസ് സി തോമസ്, ഹരിതകേരളമിഷൻ ജില്ലാ കോർഡി നേറ്റർ കെ എസ് രാജേഷ് തുടങ്ങിയവർ പങ്കെടുത്തു.



തുടർന്ന് ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ സക്കറിയ ബസാർ, ലജ്നത്ത് എന്നീ വാർഡുകളിലെ വീടുകളിലും സ്ഥാപനങ്ങളിലും മന്ത്രിയുടെ നേതൃത്വത്തിൽ സന്ദർശനം നടക്കുകയും, മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം കാമ്പയിന്റെ പ്രാധാന്യത്തെക്കുറിച്ച് വിശദീകരിക്കുകയും, ലഘുലേഖ വിതരണം ചെയ്യുകയും ചെയ്തു. മുനിസിപ്പൽ ചെയർമാൻ, മറ്റ് വാർഡ് കൗൺസിലർമാർ, ജില്ലാശുചിത്വമിഷൻ ടീം എന്നിവർ ഗൃഹസന്ദർശനത്തിൽ പങ്കാളികളായി. ആലപ്പുഴ ജില്ലാകളക്ടറുടെ നേതൃത്വത്തിലും ഗൃഹസന്ദർശനം നടത്തുകയും ലഘുലേഖ വിതരണം ചെയ്യുകയും ചെയ്തു.

കോട്ടയം ജില്ലയിൽ വനം വകുപ്പ് മന്ത്രി ശ്രീ. കെ രാജു 'മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം' പ്രഖ്യാപനം നടത്തുകയും, പ്രതിജ്ഞ ചൊല്ലിക്കൊടുക്കുകയും ചെയ്തു. കോട്ടയം മുനിസിപ്പാലിറ്റിയിലെ ഭവനങ്ങൾ മന്ത്രിയുടെ നേതൃത്വത്തിൽ സന്ദർശിച്ച് കുടുംബാംഗങ്ങൾക്ക് മാലിന്യ സംസ്ക്കരണത്തെ കുറിച്ച് ബോധവത്കരണം നടത്തി. ഇതുമായി ബന്ധപ്പെട്ട ബ്രോഷറുകൾ, ലഘുലേഖകൾ എന്നിവ വിതരണം നടത്തുകയും ചെയ്തു.



ഇടുക്കി ജില്ലയിൽ ക്യാമ്പയിന്റെ ജില്ലാ തല പ്രഖ്യാപനം വൈദ്യുത വകുപ്പ് മന്ത്രി ശ്രീ എം. എം മണി നിർവഹിച്ചു. വാർഡ്തല ശുചിത്വസംഗമങ്ങളും, ദീപസന്ധ്യയും നട ന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ശുചിത്വ സംഗമങ്ങളും, ശുചിത്വ സന്ധ്യകളും, മറ്റ് വിവിധ ശുചിത്വപരിപാടികളും സംഘടിപ്പിച്ചു. ഇടുക്കി എം പി ശ്രീ ജോയ്സ് ജോർജ്ജ്, ഇടുക്കി നിയോജക മണ്ഡലം എം എൽ എ ശ്രീ റോഷി അഗസ്റ്റിൻ, ജില്ലാ കളക്ടർ ശ്രീ. ജി ആർ ഗോകുൽ, ജില്ലാ പഞ്ചായത്ത് ഡിവിഷൻ മെമ്പർ ശ്രീമതി ലിസമ്മ സാജൻ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. ജില്ലയിലെ വിവിധ വകുപ്പ് മേധാവികൾ സ്കൗട്ട്, ഗൈഡ്സ്, എൻ സി സി കേഡറ്റ്സ്. എസ് പി സി കേഡറ്റ്സ്, വിവിധ സ്കൂൾ വിദ്യാർത്ഥികൾ എന്നിവർ പങ്കെടുത്തു. സ്വാതന്ത്ര്യദിന പരിപാടികൾ ഗ്രീൻ പ്രോട്ടോകോൾ പ്രകാരമാണ് നടന്നത്.



എറണാകുളം ജില്ലയിൽ ജില്ലാ കളക്ടറേറ്റിൽ വിദ്യാഭ്യാസ വകുപ്പു മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് 'മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം' പ്രഖ്യാപനം നടത്തി. ആലുവ എം.എൽ.എ. ശ്രീ അൻവർ സാദത്ത്, ജില്ലാ കളക്ടർ ശ്രീ.കെ.മുഹമ്മദ്. വൈ.സഫിറുള്ള എന്നിവരും ചടങ്ങിൽ പങ്കെടുത്തു. പോലീസ്, നാവിക വകുപ്പു മേധാവികൾ, എൻ.സി.സി, വിവിധ സ്കൂൾ കുട്ടികൾ, പൊതുജനങ്ങൾ എന്നിവർ ശുചിത്വ പ്രതിജ്ഞ ഏറ്റുചൊല്ലുകയും ചെയ്തു.



തൃശ്ശൂർ ജില്ലയിൽ വ്യവസായ കായിക യുവജനക്ഷേമ വകുപ്പ് മന്ത്രി ശ്രീ ഏ. സി മൊയ്തീൻ 'മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം' പ്രഖ്യാപനം നിർവഹിച്ചു. തേക്കിൻകാട് മൈതാനിയിലായിരുന്നു ചടങ്ങ്. മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം പ്രതിജ്ഞ ചൊല്ലിക്കൊടുത്ത ശേഷം കോർപ്പറേഷൻ പരിധിയിലെ 52 ാം ഡിവിഷനിലെ കോട്ടപ്പുറത്തെ 25 വീടുകൾ മന്ത്രി സന്ദർശിച്ച് ശുചിത്വ ബോധവത്കരണവും ലഘുലേഘ വിതരണവും നടത്തി. മന്ത്രിക്കൊപ്പം ജില്ലാ കളക്ടർ ഡോ കൗശിഗൻ ഐ എ എസ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഷീല വിജയകുമാർ, അസിസ്റ്റന്റ് കളക്ടർ ശ്രീ വിനയ് ഗോയൽ ഐ എ എസ്, മുൻമേയർ പ്രൊഫസർ ആർ ബിന്ദു, ജനകീയാസൂത്രണം ജില്ലാ കോഓർഡിനേറ്റർ ശ്രീ സുധാകരൻ വി. ഒ, മറ്റു ഉദ്യോഗസ്ഥൻമാരും, ജനപ്രതിനിധികളും, ജില്ലാ ശുചിത്വ മിഷൻ കോ ഓർഡിനേറ്ററും ജീവനക്കാരും ചടങ്ങിൽ പങ്കെടുത്തു.



പാലക്കാട് ജില്ലയിൽ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ഡോ കെ ടി ജലീൽ 'മാലിന്യ ത്തിൽ നിന്നും സ്വാതന്ത്ര്യം' പ്രഖ്യാപനം നിർവഹിച്ചു. കോട്ടമൈതാനത്ത് സ്വാതന്ത്ര്യ ദിന പതാക ഉയർത്തിയ ശേഷം നടത്തിയ പ്രസംഗത്തോടനുബന്ധിച്ച് ശുചിത്വ സന്ദേ ശമുൾക്കൊള്ളുന്ന പ്രതിജ്ഞയും മന്ത്രി ചൊല്ലി കൊടുത്തു. ജില്ലകളിൽ വാർഡ്തല ശുചിത്വ ദീപസന്ധ്യയും, ശുചിത്വസംഗമവും നടന്നു.



മലപ്പുറം ജില്ലയിൽ 'മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം' കാമ്പയിൻ ജില്ലാതല പ്രഖ്യാപനം എം. എസ്. പി പരേഡ് ഗ്രൗണ്ടിൽ നടന്ന ചടങ്ങിൽ നിയമം സാംസ്കാരികം പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമ വകുപ്പ് മന്ത്രി ശ്രീ. എ. കെ ബാലൻ നിർവ്വഹിച്ചു. ചടങ്ങിൽ എം. എൽ. എ ശ്രീ. പി. ഉബൈദുല്ല, ജില്ലാ കളക്ടർ ശ്രീ അമിത് മീണ, നഗരസഭാ ചെയർപേഴ്സൺ ശ്രീമതി. സി. എച്ച്.

ജമീല ടീച്ചർ, വൈസ് ചെയർമാൻ ശ്രീ. പെരുമ്പള്ളി സെയ്ദ്, എ. ഡി. എം, നഗരസഭാ കൗൺസിലർമാർ, എം. എസ്. പി, എ.ആർ, ബറ്റാലിയനുകൾ, വിവിധ സ്കൂളിലെ എൻ.സി.സി, സ്കൗട്ട് & ഗൈഡ്സ്, എസ്. പി. സി, എൻ. എസ്. എസ്, ജെ. ആർ. സി, വിദ്യാർത്ഥികൾ, പൊതുജനങ്ങൾ എന്നിവരുൾപ്പെട്ട ജനാവലിയുടെ മുമ്പാകെ മന്ത്രി ശുചിത്വ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.



ജില്ലയെ മാലിന്യ മുക്തമാക്കാനുള്ള പ്രവർത്തനങ്ങളും ഇക്കാര്യത്തിൽ ജില്ലയിൽ നടത്തിയിട്ടുള്ള മാതൃകാ പ്രവർത്തനങ്ങളും മന്ത്രി പരാമർശിച്ചു. മലപ്പുറം നഗരസഭയിലെ 15-ാം വാർഡിൽ മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം പരിപാടിയുടെ ഭാഗമായി കാൻവാസിൽ തയ്യാറാക്കിയ ഒപ്പ്ശേഖരണം മന്ത്രി തുടക്കം കുറിച്ചു. ജില്ലാ കളക്ടറുടെ വസതിയിൽ പ്രവർത്തിക്കുന്ന ബയോഗ്യാസ് പ്ലാന്റ് മന്ത്രി സന്ദർശിച്ചു.

കോഴിക്കോട് ജില്ലയിൽ തൊഴിൽ എക്സൈസ് വകുപ്പ് മന്ത്രി ശ്രീ. ടി. പി. രാമകൃഷ്ണൻ 'മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം' ജില്ലാ തലത്തിൽ പ്രഖ്യാപനം നടത്തി. രാജ്യത്തിനുവേണ്ടി വീരമൃത്യുവരിച്ച ക്യാപ്റ്റൻ വിക്രമിന്റെ നാമധേയത്തിലുള്ള വെസ്റ്റ്ഹിൽ വിക്രം മൈതാനിയിലായിരുന്നു ചടങ്ങ് നടന്നത്. മന്ത്രി ചൊല്ലികൊടുത്ത പ്രതിജ്ഞാ വാചകങ്ങൾ മൈതാനത്തിലെത്തിയ എല്ലാവരും ഏറ്റുചൊല്ലി.



മേയർ ശ്രീ തോട്ടത്തിൽ രവീന്ദ്രൻ.എം.പി , ശ്രീ. എം. രാഘവൻ, എം എൽ എ മാരായ ശ്രീ പുരുഷൻ കടലുണ്ടി, ശ്രീ. എ. പ്രദീപ്കുമർ , ശ്രീ. എ. കെ. ശശീന്ദ്രൻ , ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ ബാബു പറശ്ശേരി, ജില്ലാകലക്ടർ ശ്രീ. യു. വി. ജോസ്, അസിസ്റ്റന്റ് കലക്ടർ ശ്രീ സ്നേഹിൽ കുമാർ സിങ്ങ്, ബഹു. എ. ഡി .എം ശ്രീ ജെനിൽകുമാർ, ജില്ലയിലെ പോലീസ് മേധാവികൾ, സ്വാതന്ത്ര്യ സമരസേനാനികൾ, വിവിധ സ്ഥലങ്ങളിൽ നിന്നെത്തിയ ജനങ്ങളും ഉദ്യോഗസ്ഥരും സേനാവിഭാഗങ്ങളും സേവന തൽപരരായ വിദ്യർത്ഥികളുൾക്കൊള്ളുന്ന സ്കൗട്ട്, ഗൈഡ്സ്, എൻ സി സി, സ്റ്റുഡൻസ് പോലീസ് കാഡറ്റ്, റെഡ്ക്രോസ്സ് തുടങ്ങിയവരും ചടങ്ങിൽ പങ്കെടുത്തു.

വയനാട് ജില്ലയിൽ 'മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം' പ്രഖ്യാപനം തുറമുഖം, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി ശ്രീ കടന്നപ്പള്ളി രാമചന്ദ്രൻ നിർവ്വഹിച്ചു. കൽപ്പറ്റ നഗരസഭയിലെ 10–ാം വാർഡിലെ വീടുകൾ മന്ത്രി സന്ദർശിച്ച് ഉറവിട മാലിന്യ സംസ്കരണത്തെക്കുറിച്ചും, മാലിന്യം തരം തിരിക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചും സംസാരിച്ചു. കൽപ്പറ്റ എം. എൽ. എ. ശ്രീ സി. കെ. ശശീന്ദ്രൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ടി. ഉഷാകുമാരി, ജില്ലാ കളക്ടർ ശ്രീ എസ്. സുഹാസ് ഐ. എ. എസ്, വിവിധ ജനപ്രതിനിധികൾ, ജില്ലാതല ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. ജില്ലയിലെ മാലിന്യ പ്രശ്നത്തിന് ഉത്തരം കണ്ടെത്തി വയനാടൻ സംസ്കാരം ഊട്ടിയുറപ്പിക്കാൻ ഏവരും പ്രയത്നിക്കണമെന്ന് മന്ത്രി പറഞ്ഞു. സ്വാതന്ത്ര്യദിന ചടങ്ങുകളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കി. എല്ലാ ഗ്രാമപഞ്ചായത്തുകളിലും, നഗരസഭകളിലും ശുചിത്വ പ്രതിജ്ഞയോടൊപ്പം വിവിധ കർമ്മ പരിപാടികളും നടന്നു.



കണ്ണൂർ ജില്ലയിൽ 'മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം' പ്രഖ്യാപനം ആരോഗ്യമന്ത്രി ശ്രീമതി കെ കെ ശൈലജ പ്രഖ്യാപനം നടത്തി. തുടർന്ന് മന്ത്രി പ്രതിജ്ഞ ചൊല്ലി കൊടുത്തു. ജില്ലാ കോർപ്പറേഷൻതല പ്രഖ്യാപനവും മന്ത്രി നിർവഹിച്ചു. ശുചിത്വം ഒരു ശീലമാക്കി മാറ്റാൻ മലയാളികൾ തയ്യാറാകണമെന്ന് മന്ത്രി പറഞ്ഞു. മേയർ ഇ പി ലത, ഡപ്പ്യൂട്ടി മേയർ പി കെ രാകേഷ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ കെ വി സുമേഷ്, കലക്ടർ ശ്രീ മിർ മുഹമ്മദ് അലി, കോർപ്പറേഷൻ ആരോഗ്യ സ്ഥിരം സമിതി അദ്ധ്യക്ഷ പി ഇന്ദിര, പൊതുമരാമത്ത് സ്ഥിരം സമിതി അദ്ധ്യക്ഷൻ ടി ഒ മോഹനൻ, കൗൺസിലർ ലിഷ ദീപക് എന്നിവർ ചടങ്ങിൽ പങ്കെടുത്തു.



കണ്ണൂർ കോർപ്പറേഷനിലെ 55 ാം വാർഡിൽ ശുചിത്വ ദീപം തെളിയിച്ചു. ശ്രീമതി ശ്രീമതി ടീച്ചർ എം പി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ കെ വി സുമേഷ്, മേയർ ഇ പി ലത, ഡപ്യൂട്ടി മേയർ ശ്രീ പി കെ രാഗേഷ്, ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻശ്രീ  കെ പി ജയബാലൻ, ജില്ലാ ശുചിത്വ മിഷൻ കോഓർഡിനേറ്റർ ശ്രീ അഭിജിത്ത്, അസിസ്റ്റന്റ് കോഓർഡിനേറ്റർ ശ്രീ സുരേഷ് കസ്തൂരി, മറ്റു ജില്ലാ ശുചിത്വ മിഷൻ പ്രതിനിധികളും ദീപം തെളിയിക്കൽ ചടങ്ങിൽ പങ്കെടുത്തു.

കാമ്പയിന്റെ ഭാഗമായി മന്ത്രിയുടെ നേതൃത്വത്തിൽ മേയർ ഇ പി ലത, കളക്ടർ ശ്രീ മിർ മുഹമ്മദ് അലി, ജിലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ കെ വി സുമേഷ്, മേയർ ഇ പി ലത ശുചിത്വ മിഷൻ അസിസ്റ്റന്റ് കോഓർഡിനേറ്റർ സുരേഷ് കസ്തൂരി, മറ്റു ശുചിത്വ മിഷൻ പ്രതിനിധികളും, മറ്റു ജനപ്രതിനിധികളും  ഗൃഹതല സന്ദർശനം നടത്തി.

കാസറഗോഡ് ജില്ലയിൽ റവന്യൂ വകുപ്പ് മന്ത്രി ശ്രീ ഇ. ചന്ദ്രശേഖരൻ മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം പ്രഖ്യാപനം നടത്തി. തുടർന്ന് മന്ത്രി പ്രതിജ്ഞ ചൊല്ലി കൊടുത്തു. ചടങ്ങ് നടക്കുന്ന മുൻസിപ്പൽ സ്റ്റേഡിയത്തിന്റെ പ്രവേശന കവാടം പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിച്ചുകൊണ്ട് അലങ്കരിച്ചു. അലങ്കാരത്തിന് പനയോല, പുൽപ്പായ, പൂക്കൾ, ഓല, കുരുത്തോല, പാള, ചിരട്ട, പ്ലാവില തുടങ്ങിയ പ്രകൃതി സൗഹൃദ വസ്തുക്കളാണ് ഉപയോഗിച്ചത്. കൂടാതെ മൺകലം കൊണ്ടുള്ള വ്യത്യസ്ഥ രൂപങ്ങളോടൊപ്പം ശുചിത്വ സന്ദേശങ്ങളും എഴുതി പ്രദർശിപ്പിച്ചു. ചടങ്ങ് പൂർണ്ണമായും ഗ്രീൻ പ്രോട്ടോകോൾ പാലിച്ചാണ് നടപ്പിലാക്കിയത്.


കാസർകോട്